## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.284 | 29/1/2014- ൽ മറുപടിയ്ക്ക്

# ഇടുക്കി പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ് . രാജേന്ദ്രൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) ഇടുക്കി പാക്കേജ് മുഖേന നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ; | (എ) ഇടുക്കി പാക്കേജ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച ഇടുക്കി പാക്കേജിന്റെ ഒക്ടോബർ 2013 വരെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പദ്ധതിനടത്തിപ്പിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാമാണ് ഈ വീഴ്ചകളെന്നറിയിക്കുമോ; | (ബി) ഇല്ല. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഡി പി ആർ തയ്യാറാക്കി അംഗീകാരം ലഭിക്കാനുള്ള കാലതാമസം നേരിടുന്നുണ്ട്. |
| (സി) നടപ്പാക്കിയ പദ്ധതികൾക്കെല്ലാം ചേർത്ത് എന്തു തുക ചെലവഴിച്ചു; ഇത് പാക്കേജ് നടപ്പാക്കുന്നതിന് അനുവദിച്ച മൊത്തം തുകയുടെ എത്ര ശതമാനം വരും ; | (സി) ഇടുക്കി പാക്കേജിൻകീഴിൽ ഒക്ടോബർ 2013 വരെ നടപ്പിലാക്കിയ വിവിധ വകുപ്പുകളുടെ പദ്ധതിക്കായി 167.86 കോടി രൂപ ചെലവഴിച്ചു. ചെലവാക്കിയ തുകയുടെ ശതമാനം താഴെ ചേർക്കുന്നു. |

| | രൂപ കോടിയിൽ | വിനിയോഗ ശതമാനം |
|---|---|---|
| എം.എസ്. സ്വാമിനാഥൻ അടങ്കൽ തുക | 764.32 | 21.96% |
| പദ്ധതികൾക്ക് അംഗീകാരം ലഭിച്ച തുക | 438.215 | 38.31% |
| റിലീസ് ചെയ്ത തുക | 237.78 | 70.59% |

| | | | |
|---|---|---|---|
| (ഡി) | പാക്കേജ് നടപ്പാക്കുന്നതിനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ? | (ഡി) | 15/1/2014 ൽ കൂടിയ സംസ്ഥാന കാബിനറ്റ് യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് ഈ ആവശ്യം ഉന്നയിച്ച് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**